പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1136 30.01.2018- ൽ മറുപടിക്ക്

## നാദാപുരം മണ്ഡലത്തിൽ കിഫ്ബി വഴി പ്രഖ്യാപിച്ച റോഡുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ.കെ.വിജയൻ | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിൽ 2016-2017 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി കിഫ്ബി വഴി പ്രഖ്യാപിച്ച മുട്ടുങ്ങൾ - പക്രംതളം റോഡ് , തൊട്ടിൽപ്പാലം- കണ്ടുതോട് , കളങ്ങരത്ത് നമ്പിയാത്തുകണ്ട് -വാളുക്ക് - വിലങ്ങാട് തുടങ്ങിയ റോഡുകളുടെ പണി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) | മുട്ടുങ്ങൽ - പക്രംതളം റോഡ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി എഗ്രിമെന്റ് വെച്ച് പ്രവൃത്തിക്കുള്ള സ്ഥലം കൈമാറ്റം ചെയ്തിട്ടുണ്ട്.<br>തൊട്ടിൽപ്പാലം - കണ്ടുതോട് , കളങ്ങരത്ത് നമ്പിയാത്തുകണ്ട് - വാളുക്ക് - വിലങ്ങാട് എന്നീ റോഡുകളുടെ ഡി.പി.ആർ തയ്യാറാക്കി വരുന്നു. പ്രസ്തുത ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ച് അനുമതി ലഭിച്ചാൽ മാത്രമേ സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നടപടിക്രമങ്ങൾ വിശദമാക്കാമോ ? | (ബി) | ഡി.പി.ആർ തയ്യാറാക്കുന്നതിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ വർക്കുകളുടെ ടെണ്ടർ നടത്തി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ച്, കിഫ്ബിയിൽ നിന്ന് അനുമതി ലഭിച്ച് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ച് കരാർ ഉറപ്പിക്കുക എന്നീ നടപടിക്രമങ്ങളാണ് ഉള്ളത്. |

സെക്ഷൻ ഓഫീസർ